# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*

No.133/PR/PIC/PHQ/18 Date : 29.05.2018

**പോലീസ് ട്രെയിനിങ് കോളേജിലെ ഇഗ്നോ പഠനകേന്ദ്രത്തിൽ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷന് അപേക്ഷ ക്ഷണിച്ചു.**

തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജിൽ പ്രവർത്തിക്കുന്ന ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രോഗ്രാം സ്റ്റഡി സെന്ററിൽ 2018 ജൂലായ് ബാച്ചിലേക്കുള്ള അഡ്മിഷന് അപേക്ഷ ക്ഷണിച്ചു. പിജി ഡിപ്ലോമ (ക്രിമിനൽ ജസ്റ്റിസ്), പി.ജി. സർട്ടിഫിക്കറ്റ് (സൈബർ ലാ), ഡിപ്ലോമ (പാരാ ലീഗൽ പ്രാക്ടീസ്), സർട്ടിഫിക്കറ്റ് (ആന്റി ഹ്യൂമൻ ട്രാഫിക്കിങ്), സർട്ടിഫിക്കറ്റ് (ഹ്യൂമൻ റൈറ്റ്സ്) എന്നീ കോഴ്സുകളിലേക്കാണ് പ്രവേശനം. പ്രായപരിധിയില്ലാതെ, ഓരോ കോഴ്സിനും ചേരാൻ ആവശ്യമായ നിശ്ചിത യോഗ്യതയുള്ള (ജോലി ഉള്ളതോ ഇല്ലാത്തതോ ആയ) ആർക്കും ഈ കോഴ്സുകളിലേക്കു പ്രവേശനം നേടാം. കോഴ്സുകൾക്ക് ഹാജർ ഒരു മാനദണ്ഡമല്ല. പോലീസ് വകുപ്പിലെ ജീവനക്കാർക്ക് ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താം. താത്പര്യമുള്ളവർ ഇഗ്നോയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.ignou.ac.in) രജിസ്റ്റർ ചെയ്ത് അഡ്മിഷൻ നടപടി ക്രമങ്ങൾ നടത്തി ഇഗ്നോ സ്റ്റഡി സെന്ററായി പോലീസ് ട്രെയിനിങ് കോളേജ് (40035P) ഓപ്റ്റ് ചെയ്യണം. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2018 ജൂൺ 30. കൂടുതൽ വിവരങ്ങൾക്ക് വൈസ് പ്രിൻസിപ്പൽ, പോലീസ് ട്രെയിനിങ് കോളേജ് & പ്രോഗാം കോ ഓർഡിനേറ്റർ, ഇഗ്നോ സ്റ്റഡി സെന്ററുമായി (ഫോൺ: 0471 - 2328966, 9495768234, 9497990222, 7012439658) ബന്ധപ്പെടണം.

**********